**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഖാദി പട്ടിന്റെ ഉൽപാദം കൂട്ടുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖാദിയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും ഖാദി പട്ടിന്റെ ഉൽപാദം കൂട്ടുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോട്ടുകൂടിയ വില്പന ശാലകൾ ആരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയുള്ള പരസ്യപ്രചാരണം കൂടാതെ ഉത്സവകാല സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതോടൊപ്പം പ്രത്യേകം വില്പന മേളകളും നടത്തിവരുന്നുണ്ട്. ഖാദി മേഖല സംരക്ഷിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഖാദി തുണികളിൽ ഡിസൈനിംഗ് നടത്തിവരുന്നു. ഖാദി കസ്റ്റമേഴ്സ് മീറ്റിംഗ് നടത്തുന്നതിനും ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഡോക്ടേഴ്സ്-നേഴ്സസ് കോട്ട് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ച് "ഖാദി കോർണർ" എന്ന പേരിൽ വില്പനശാലകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഖാദിയുടെ പ്രചരണവും വിപണനവും വ്യാപകമാക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഖാദിതുണിത്തരങ്ങൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിന് സാമുദായിക സംഘടനകളുമായും അംഗീകൃത ട്രേഡ് യൂണിയൻ നേതാക്കളുമായും ആശയവിനിമയം നടത്തി വരുന്നു. മാർച്ച് മാസത്തിൽ സംസ്ഥാന തലത്തിൽ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളെ സംഘടിപ്പിച്ച് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ പ്രദർശന മേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കി വരുന്നു. വിപണന രംഗത്ത് മാർക്കറ്റിംഗിൽ എം.ബി.എ. യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നു.<br><br>ഖാദി മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഐ.ഐ.റ്റി ചെന്നൈയെ ചുമതലപ്പെടുത്തി യിട്ടുണ്ട്.<br><br>ഖാദി പട്ടിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് തിരുവനന്തപുരം, പാലക്കാട്, പയ്യന്നൂർ ഖാദി കേന്ദ്രങ്ങളിൽ സിൽക്ക് ഉല്പാദന കേന്ദ്രം നടത്തിവരുന്നു. പ്രസ്തുത തുക പട്ടുനൂൽ വാങ്ങുന്നതിനും സിൽക്ക് സാരി ഉല്പാദനത്തിനും സാരികളിൽ പ്രിന്റിംഗ് വർക്കുകൾ ചെയ്യുന്നതിനും സിൽക്ക് നെയ്ത്ത് കേന്ദ്രങ്ങൾക്ക് ആവശ്യമായ വാർപ്പും വെഫ്റ്റും വാങ്ങുന്നതിനുമായി പൂർണ്ണമായും വിനിയോഗി ക്കുന്നു. ആധുനിക രീതിയിലുള്ള പട്ടുസാരികളും കല്യാണ സാരികളും ഉല്പാദിപ്പിച്ചുവരുന്നു. |
| (ബി) | ഖാദി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഖാദി ഗ്രാമ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2022-23 സാമ്പത്തിക വർഷം 1610 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതി | വകയിരുത്തിയ തുക | അനുവദിച്ച തുക | വിനിയോഗം |
|---|---|---|---|---|
| 1 | ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം | 160.50 ലക്ഷം | 95.70 ലക്ഷം | 28-01-2023-ന് തുക ലഭിച്ചു. |
| 2 | ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ഉള്ള ധനസഹായം | 130.00 ലക്ഷം | 35 ലക്ഷം | ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും അറ്റകുറ്റപണികൾക്കായി അനുവദിച്ച 35 ലക്ഷം രൂപ 23 സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | ഇൻസെന്റീവ്/ഉത്സവബത്ത | 500 ലക്ഷം | 300 ലക്ഷം | ഇൻസെന്റീവ്/ഉത്സവബത്ത ഇനത്തിൽ അനുവദിച്ച തുക ഖാദി ബോർഡിന്റെയും ഖാദി സ്ഥാപനങ്ങളുടെയും തൊഴിലാളികൾക്ക് ഇൻസെന്റീവ് ഇനത്തിലും ഉത്സവബത്ത ഇനത്തിലും വിതരണം ചെയ്തു. |
| 4 | വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശാക്തീകരണവും | 160 ലക്ഷം | 60 ലക്ഷം | വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശാക്തീകരണവും പദ്ധതിക്കായി spare parts, ചർക്ക/തറി repair-നായി 38 ലക്ഷം രൂപയും നെയ്ത്ത് പരിശീലനത്തിനായി 22 ലക്ഷം രൂപയും വിതരണം ചെയ്തു. 63 പേർക്ക് നെയ്ത്ത് ട്രെയിനിംഗ് ആരംഭിച്ചു. |
| 5 | ഖാദി സിൽക്ക് നെയ്ത്ത് | 60 ലക്ഷം | 30 ലക്ഷം | സിൽക്ക് നെയ്ത്തും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയ്ക്ക് 9,00,000/- രൂപയും പാലക്കാട് ജില്ലയ്ക്ക് 13,00,000/ രൂപയും പയ്യന്നൂർ ഖാദി കേന്ദ്രത്തിന് 8,00,000/-രൂപയും വിതരണം ചെയ്തു. തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |